**പതിനഞ്ചാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ഡിസംബർ 09, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16 (*121) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) നൽകിയ മറുപടിയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർവ്വഹണം മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL) എന്ന സർക്കാർ കമ്പനിക്കാണെന്നും കൺസഷൻ കരാർപ്രകാരമാണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നതെന്നുറപ്പുവരുത്താൻ ചെന്നൈ ഐ.ഐ.ടി.-യിലെ ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായ

ഒരു എംപവേർഡ് കമ്മിറ്റി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉചിതമായ തീരുമാനങ്ങളെടുക്കുന്നതിനായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഭൂമി ഏറ്റെടുത്തിട്ടില്ലെന്നും ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരവും 5 സെന്റ് വീതം സ്ഥലവും നൽകിയിട്ടുണ്ടെന്നും ജീവനോപാധി നഷ്ടത്തിനുള്ള ധനസഹായം വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടെന്നും ബോട്ടുകൾ അപകടത്തിൽപ്പെടുന്നത് തടയാനായി പഴയ വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ടിൽ ഒരു ഫർ ബ്രേക്ക് വാട്ടർ നിർമ്മിക്കാൻ ഉത്തരവായിട്ടുണ്ടെന്നും പ്രദേശവാസികൾ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും പുനരധിവാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഐ.എ.എസ്. ഓഫീസർ അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റി രൂപപീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രദേശവാസികൾക്ക് നിർമ്മാണക്കമ്പനി തൊഴിൽ ഉറപ്പുനൽകിയിട്ടുണ്ടെന്നും 'അസാപ്''-ന്റെ ആഭിമുഖ്യത്തിൽ തൊഴിൽ/സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലനവും കരിയർ ഗൈഡൻസും നൽകിവരുന്നുണ്ടെന്നും അറിയിച്ചു. കേരളത്തിന്റ സാമ്പത്തിക-

വ്യാവാസായിക-ടൂറിസം മേഖലകളിൽ വലിയ പുരോഗതിക്കും അതുവഴി സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനും വിഴിഞ്ഞം തുറമുഖം കാരണമാകുമെന്നും പ്രദേശവാസികളുടെ ക്ഷേമം ഉറപ്പാക്കി പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും റെയിൽവേ കണക്ടിവിറ്റിക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും അടുത്ത ഓണക്കാലത്ത് ആദ്യത്തെ കപ്പൽ തുറമുഖത്ത് എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*122) കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, **കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി രൂപീകരിച്ചതെന്നും പത്ത് വർഷത്തിനുശേഷം ടി കമ്പനിയുടെ എല്ലാ ആസ്തികളും കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുമെന്നും കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ മാത്രമേ വാഹനങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂവെന്നും** കമ്പനിക്ക് ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും ബസ് സർവ്വീസ് ആരംഭിച്ച 11-4-2022 മുതൽ 10 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.യുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്നും സഭയെ

അറിയിച്ചു. കെ.എസ്.ആർ.ടി.സി.–സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചത് കെ.എസ്.ആർ.ടി.സി.യാണ്. കെ.എസ്.ആർ.ടി.സി.-യിൽ നിന്നുള്ള ഉദ്യോഗസ്ഥർ പ്രസ്തുത ബസ്സുകളുടെ നിലവാരം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും കേന്ദ്ര ടെസ്റ്റിംഗ് ഏജൻസിയായ iCAT (International Centre for Automotive Technology) Type approval സർട്ടിഫിക്കറ്റ് നല്കുകയും ടി ബസ്സുകളുടെ മൂന്നു മാസത്തെ പ്രവർത്തന നിലവാരം കെ.എസ്.ആർ.ടി.സി.-യിലെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെയും ഉദ്യോഗസ്ഥരുൾപ്പെട്ട സമിതി വിലയിരുത്തിയശേഷം വിലയുടെ 40% നൽകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സ്വിഫ്റ്റ് ബസ്സുകൾ ദീർഘദൂര/സിറ്റി സർവ്വീസുകൾ നടത്തുന്നുണ്ടെന്നും കെ.എസ്.ആർ.ടി.സി. മെക്കാനിക് സ്റ്റാഫിന്റെ സേവനം ദിവസേനയുള്ള അറ്റകുറ്റപ്പണികൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും മഞ്ചേരി റൂട്ടിൽ സ്വിഫ്റ്റ് ബസുകൾ അനുവദിക്കുന്ന കാര്യവും കെ.എസ്.ആർ.ടി.സി.-യുടെ കാസർഗോഡ് - ബാംഗ്ലൂർ, കോഴിക്കോട് - താമരശ്ശേരി റൂട്ടിലെ സർവ്വീസും രാത്രികാലസർവ്വീസും പുനരാരംഭിക്കുന്ന കാര്യവും പരിഗണിക്കുമെന്നും ഗ്രാമവണ്ടി പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചാൽ ആവശ്യപ്പെടുന്ന റൂട്ടുകളിൽ ബസ് സർവ്വീസ്

അനുവദിക്കുമെന്നും നാളെമുതൽ മണ്ണാർക്കാട് - ശബരിമല സർവ്വീസ് ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*123) <u>വായ്പാതിരിച്ചടവ് മുടങ്ങിയ കർഷകരെ സഹായിക്കാൻ നടപടി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, വന്യമൃഗങ്ങളുടെ ശല്യംമൂലമുള്ള കൃഷിനാശത്തെത്തുടർന്ന് വായ്പാതിരിച്ചടവ് മുടങ്ങുന്ന കർഷകരെ സഹായിക്കുന്നതിന് വായ്പക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വായ്പകൾ പുതുക്കി നൽകുകയും  നിയമപരമായ ഇളവുകൾ അനുവദിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നഷ്ടപരിഹാരം നൽകിവരികയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ രഹിത വായ്പയായി മാറ്റുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ "ഉത്തേജന പലിശയിളവ്" നടപ്പിലാക്കി വരുന്നുണ്ട്. കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് നിബന്ധനകൾക്ക് വിധേയമായി രണ്ട് ലക്ഷം രൂപ വരെ

സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിക്കുന്നുണ്ടെന്നും കർഷകർക്ക് പരമാവധി ഇളവുകൾ ലഭ്യമാക്കണമെന്ന് ദേശസാൽകൃത ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മുഖേന സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് നാമമാത്ര പലിശയ്ക്ക് 2 കോടി രൂപവരെ വായ്പകൾ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രിയുടെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും യോഗം ചേർന്ന് പ്രസ്തുത പദ്ധതി വിലയിരുത്തുന്നുണ്ടെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ കണക്ക പ്രകാരം കാർഷിക മേഖലയിലെ വാർഷിക നിഷ്ക്രിയ ആസ്തി 4.2 ശതമാനം മാത്രമാണെന്നത് **കേരളത്തിലെ കർഷകർ കടബാധ്യതയിലല്ലെന്നുള്ളതിന് തെളിവാണെന്നും മന്ത്രി** വ്യക്തമാക്കി. വേഗത്തിൽ വിളവ് ലഭിക്കുന്ന വിത്തിനങ്ങളും കാർഷികയന്ത്രങ്ങളും കർഷകർക്ക് ലഭ്യമാക്കാൻ ശ്രമിക്കുമെന്നും കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ കേരളത്തിൽ യഥാർത്ഥ്യമായിക്കഴിഞ്ഞുവെന്നും വിളയിടാധിഷ്ഠിത കൃഷിയിലേയ്ക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണെന്നും "ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങൾ കാർഷിക മേഖലയ്ക്ക് ഉണർവ്വ്

നൽകിയിട്ടുണ്ടെന്നും **"കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി"**പ്രകാരം സംസ്ഥാനത്ത് കൃഷി ചെയ്യുന്ന 16 വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ടെന്നും അഞ്ച് ഇനങ്ങൾക്കുകൂടി അടിസ്ഥാനവില നിശ്ചയിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണെന്നും പ്രത്യേക പദ്ധതിപ്രകാരം മാർക്കറ്റ് വിലയേക്കാൾ കിലോയ്ക്ക് 10 രൂപ അധികം നൽകി വയനാട് കാപ്പി സംഭരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കാസർഗോഡ് ജില്ലയിലെ കവുങ്ങുകളെ ബാധിക്കുന്ന രോഗത്തെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കുമെന്നും രോഗനിയന്ത്രണത്തിന് ദോഷകരമല്ലാത്ത കീടനാശിനികൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകുമെന്നും കൃഷിനാശം സംഭവിച്ച വട്ടവട, കാന്തല്ലൂർ മേഖലയിലെ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കർഷകരിൽനിന്ന് സംഭരിച്ച പച്ചക്കറിയുടെ വില കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും പാലക്കാട് ജില്ലയിൽ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന് PRS (Paddy Receipt Sheet) നൽകാത്തത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19 (*124) <u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ</u>

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്ക്കരിക്കുന്നതിന് നിയോഗിച്ചിരുന്ന ഉന്നതവിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ, നിയമപരിഷ്ക്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്ക്കരണ കമ്മീഷൻ എന്നിവ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്നവിധത്തിൽ കരിക്കുലം പരിഷ്കാരം, പുതുതലമുറ കോഴ്സുകൾ, സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഡൊമസ്റ്റിക്/ ഇന്റർനാഷണൽ ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ M.Com International Trade, M.A. Business Economics, MSc Applied Plant Science തുടങ്ങിയ പുത്തൻതലമുറ സ്വഭാവമുള്ള നിരവധി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. വിഷയാധിഷ്ഠിത ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിനേർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ

ഫെല്ലോഷിപ്പുകൾ ആദ്യഘട്ടത്തിൽ 77 പേർക്ക് നൽകിയിട്ടുണ്ടെന്നും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു ERP (Enterprises Resource Planning) തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും K- REAP (Kerala Resource for Education Administration and Planning) സോഫ്റ്റ്‌വെയർ വികസിപ്പിച്ചുകൊണ്ട് കുട്ടികളുടെ അഡ്മിഷൻ മുതൽ കോഴ്സ് പൂർത്തിയാക്കുന്നതുവരെയുള്ള മുഴുവൻ വിവരങ്ങളും ശേഖരിക്കാൻ കഴിയുന്നവിധത്തിൽ റിസോഴ്സ് മാപ്പിംഗ് ഉദ്ദേശിക്കുന്നുണ്ടെന്നും സർവ്വകലാശാലകളുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും ഭരണവും പരീക്ഷാ പ്രവർത്തനങ്ങളും ചിട്ടയായി കൊണ്ടുപോകുന്നതിന് ടി സോഫ്റ്റ്‌വെയർ സഹായകരമാകുമെന്നും കാർഷിക മേഖലയിലും വെറ്ററിനറി സയൻസിലും നെതർലൻഡ് ആർജ്ജിച്ചിട്ടുള്ള ഉന്നതവിദ്യാഭ്യാസ സാധ്യതകൾ കേരളത്തിലും പ്രാവർത്തികമാക്കുന്നതിന് ശ്രമിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.